# നേത്രനാരായണൻ എല്ലാം കാണുന്നുണ്ട്

## സംഭാഷണം : ഡി. ബാബുപോൾ/സി. പി. രാജശേഖരൻ

**അ**കലെ, കുറവൻ മലയെയും കുറത്തിമലയെയും കൂട്ടിയിണക്കി, വലിയൊരു മഴവില്ലു പോലെ ഇടുക്കി അണക്കെട്ട്. അതിനു താഴെ പുളിയന്മലയിൽ നിന്ന് മുകളിലേക്കു നോക്കി ഒരിക്കൽ വസിഷ്ഠൻ മനസിൽ പറഞ്ഞു. നാളത്തെ കേരളത്തിന്റെ ഏത് ആവശ്യവനും നിറവേറ്റാൻ പോന്ന കാമധേനുവാണത്.

ഈ കാമധേനുവിനെ കൈവശം വച്ചിരുന്ന വസിഷ്ഠനിപ്പോൾ തിരുവനന്തപുരത്താണ് താമസം. കവടിയാർ കൊട്ടാരത്തിൽ നിന്ന് വിളിപ്പാടകലെ മമ്മീസ് കോളനിയിലെ അപ്പാർട്ട്മെന്റിൽ. മുൻകൂട്ടി അനുമതി തേടിയാണു വസിഷ്ഠന്റെ പർണ്ണാശ്രമത്തിലെത്തിയത്. മുറ്റത്ത് അപ്പോൾ പോക്കുവെയിൽ മായാറായിരുന്നു. പൂമുഖത്ത് ഇരുൾ പരന്നിരുന്നു.

അരണ്ട വെളിച്ചത്തിൽ കോളിംഗ് ബെൽ പരതി. അവിടെ ഒരു കുറിപ്പു തൂക്കിയിട്ടിരുന്നതിനാൽ പെട്ടെന്നു കണ്ടെത്താനായി.

ആദ്യത്തെ വരികളിങ്ങനെ:

"മണിയടിക്കേണ്ട.

നേത്രനാരായണന് എന്ത് അമ്പലമണി...!"

ഈശ്വരാ, കുഴപ്പമായോ?

വസിഷ്ഠൻ ഉറക്കത്തിലായിരിക്കുമോ?

അതോ മുഖം കാണിക്കാൻ മനസ്സില്ലാതെ മുങ്ങിയോ?

വായിക്കാൻ ഇനിയുമുണ്ട് ഏതാനും വരികൾ.

"അകത്തുള്ളയാൾ എല്ലാം അറിയുന്നുണ്ട്.

പുറത്തുള്ളയാൾ കാത്തിരുന്നാൽ തെളിയും. നമസ്ക്കാരം!"

സമാധാനമായി. ഇനി കാത്തിരിക്കാം.

എന്റെ വിശ്വാസത്തിലെ വസിഷ്ഠൻ ഇഴിടെ നേത്രനാരായണനാണ്. എല്ലാം കാണുന്നവൻ. ഇടുക്കി അണക്കെട്ടിന്റെ നിർമ്മാണഘട്ടിലെ മുഖ്യ കോ ഓർഡിനേറ്റർ.

കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് ഇടുക്കിയിൽ ഒരു അണക്കെട്ടിനെക്കുറിച്ചുള്ള ആലോചനകൾ തുടങ്ങിയത്. യാഥാർത്ഥ്യമായത് 1975-ലും. 1971 മുതൽ 76 വരെ കോട്ടയം ജില്ലാ കളക്ടറായിരുന്ന ഡോ. ഡി. ബാബുപോളാണ് ഈ അണക്കെട്ട് യാഥാർത്ഥ്യമാക്കിയത്. ഇന്നു കേരളത്തിന്റെ പ്രകാശവാഹിനി മാത്രമല്ല, ഏത് ആവശ്യവും നിറവേറ്റുന്ന യഥാർത്ഥ കാമധേനു.

? **വസിഷ്ഠന്റെ പേരിൽ ഇപ്പഴവിടെയൊരു സ്മാരകശില പോലുമില്ല.**

● എന്തിന്? ഐ.എ.എസ്. ഉദ്യോഗസ്ഥനായ അലക്സാണ്ടർ ജേക്കബ് ആദ്യമായി ഇടുക്കി പദ്ധതിപ്രദേശത്തെത്തിയപ്പോൾ, നാട്ടുകാരായ ചിലർ പറഞ്ഞത്രേ, ബാബുപോൾ സാറിന്റെ സംഭാവനയാണത്രേ, ഇടുക്കി അണക്കെട്ട്. അവർ ഇത്തിരി അതിശയോക്തിയോടെ പറഞ്ഞതാകാം. പക്ഷേ, അലക്സാണ്ടർ പറഞ്ഞതുപോലെ അതൊരു അദൃശ്യ ശിലാഫലകമോ സ്മാരകശിലയോ ആയിരിക്കാം, ഒരാളുടേതല്ല, ഒരുപാടുപേരുടെ.

ലോകത്തെ നാലാമത്തെയും ഇസ്രയേലിലെ ആദ്യത്തെയും വനിതാ പ്രധാനമന്ത്രിയായിരുന്ന ഗോൾഡാ മെയർ അവിടുത്തെ വിദേശകാര്യമന്ത്രിയായിരിക്കെ, അന്നത്തെ പ്രധാനമന്ത്രി ഡേവിഡ് ബെൻ ഗൂറിയോൺ അവരെ വിശേഷിപ്പിച്ചത്, തന്റെ സർക്കാരിലെ ഏറ്റവും ശക്തനായ 'പുരുഷൻ' എന്നായിരുന്നു.

ഈ വിശേഷണത്തെ മേയർ പക്ഷേ, മുഖവിലയ്ക്കെടുത്തത് ഇങ്ങനെ: "ഇസ്രയേലിന്റെ ചരിത്രത്തിലെ ഒരു പ്രധാനഘട്ടത്തിൽ ചില കർമ്മങ്ങൾ ചെയ്യാൻ നിയുക്തയാക്കപ്പെട്ട വെറുമൊരു വ്യക്തി മാത്രമാണ് ഞാൻ. എന്നിൽ നിക്ഷിപ്തമായ ചില ജോലികൾ ചെയ്തു എന്നു മാത്രം. ജോലി കഴിഞ്ഞാൽ ഞാൻ പിന്മാറണം. എന്റെ പേര് നമ്മുടെ രാജ്യത്തെ ഒരു റോഡിനു പോലും ഇട്ടേക്കരുത്". അതു തന്നെയാണ് നേത്രനാരായണന്റെയും ഇഷ്ടം.

"ഞാൻ എനിക്കായി ഒരു സ്മാരകം സൃഷ്ടിച്ചിട്ടുണ്ട്. വേദശബ്ദരത്നാകരം എന്ന ബൃഹദ്ഗ്രന്ഥം. മൂല്യവത്തായ ബൈബിൾ-പുരാണ നിഘണ്ടു. ഭൂമിയിൽ അതു നിലനിൽക്കുന്നിടത്തോളം ഞാനും നിലനിൽക്കും. ഇരുപതു വർഷത്തെ കഠിനാധ്വാനത്തിലൂടെ സൃഷ്ടിച്ചെടുത്ത ശബ്ദതാരാവലിയാണ് ശ്രീകണ്ഠേശ്വരം പദ്മനാഭപിള്ള എന്ന കൈരളീ സേവകന്റെ നിത്യസ്മാരകം. അതിലും വലിയൊരു സ്മാരകം അദ്ദേഹത്തിന്റെ പേരിൽ കല്ലിലും ഫലകത്തിലും തീർക്കാനായില്ല".

? **ഇടുക്കി പദ്ധതിയുടെ നിർമ്മാണഘട്ടത്തിലെ മറക്കാനാവാത്ത അനുഭവം.**

● ഒരുപാടുണ്ട്. പ്രോജക്ട് കോ ഓർഡിനേറ്ററായിരുന്നെങ്കിലും കമ്മ്യൂണിക്കേഷന് ഒരു ഫോണൺ പോലുമില്ലാതിരുന്ന കാലത്ത് കേവലം ആറു വർഷം കൊണ്ട് ഇത്രയും വലിയൊരു കൂറ്റൻ പ്രോജക്ട് പൂർത്തിയാക്കുക ശ്രമകരമായിരുന്നു. കോട്ടയം കളക്ടറുടെയും ഇടുക്കി പദ്ധതിയുടെയും കാര്യങ്ങൾ വളരെ കൃത്യമായി ചെയ്തു തീർക്കാൻ കഴിഞ്ഞു. പക്ഷേ, കുടുംബത്തിലെ കാര്യങ്ങൾ നോക്കാൻ അന്നു തീരെ സമയം കിട്ടിയിരുന്നില്ല. എന്റെ മക്കളുടെ ശൈശവം ഞാൻ കണ്ടിട്ടില്ല. അവർക്കു ഫാരക്സും ചോക്ലേറ്റും വാങ്ങിക്കൊടുക്കാൻ കഴിഞ്ഞില്ല. അതെല്ലാം നിറവേറ്റിയത് അവരുടെ അമ്മ അന്നയാണ്.

മമ്മീസ് കോളനിയിലെ വില്ലയിൽ ഇപ്പോൾ അന്നയില്ല. അവരെ ദൈവം നേരത്തേ വിളിച്ചു. മകനും മകളും വിദേശത്താണ്. നേത്രനാരായണൻ തനിച്ചാണ് ഇവിടെ താമസം.

തന്റെ കർമ്മങ്ങളും തീർന്നെന്നു നേത്രനാരായണൻ. ഇനി ദൈവത്തിന്റെ അവസരം കാത്തിരിക്കുന്നു എന്ന് ആത്മഗതം.

? **ജീവിതത്തോട് ആത്മാർപ്പണം ചെയ്ത ഈ കർമ്മയോഗിക്ക് ഇടുക്കി പദ്ധതികാലത്തെ യൗവ്വനം തിരികെത്തരാമെന്നു ദൈവം തീരുമാനിച്ചാൽ ഇനി ഏതു പദ്ധതിയാകും ഏറ്റെടുക്കുക.**

● അത് എനിക്കു മാത്രം തീരുമാനിക്കാവുന്ന കാര്യമല്ല. ഞാൻ ഐ.എ.എസ് സ്വീകരിക്കുമ്പോൾ ഇ.എം.എസ്. നമ്പൂതിരിപ്പാട് ആയിരുന്നു മുഖ്യമന്ത്രി. കെ. ആർ. ഗൗരിയമ്മ റവന്യൂമന്ത്രി. ഇടുക്കി പദ്ധതികാലത്ത് സി. അച്യുതമേനോനായിരുന്നു മുഖ്യമന്ത്രി. എം.എൻ. ഗോവിന്ദൻ നായർ വൈദ്യുതമന്ത്രിയും. അവർക്കെന്നെ വിശ്വാസമായിരുന്നു. അവരെ എനിക്കും. അങ്ങനെ കുറേ വിശ്വസ്തരുണ്ടെങ്കിലേ ആർക്കും എന്തും ചെയ്യാൻ കഴിയൂ.

രാജ്യത്തെ ഏറ്റവും വലിയ ജലവൈദ്യുതപദ്ധതികളിൽ ഒന്നിന്റെ സ്രഷ്ടാവായിട്ടും വീട്ടിൽ വൈദ്യുതിയുടെ ഉപയോഗം തീരെ കുറവ്. പൂമുഖത്ത് നേത്രനാരായണന്റെ തലയ്ക്കു മുകളിലേക്കു മാത്രം പ്രകാശിക്കുന്ന, സീറോ വോൾട്ട് ശേഷിയുള്ള വളരെച്ചെറിയ ഒരു എൽ.ഇ.ഡി. ബൾബ്. അതിന്റെ വെള്ളിവെളിച്ചം നേത്രനാരായണന്റെ വെളുത്തു തുടുത്ത നെറ്റിയിലും കവിളിലും തിളക്കമുള്ള കൃഷ്ണമണികളിലും പതിച്ച ശേഷം, അഭിമുഖക്കാരന്റെ മുഖത്തേക്കു വീഴും. സൂര്യപ്രകാശം പ്രതലത്തിൽ പതിച്ച്, ഭൂമിയിലേക്കു പെയ്തൊഴിയുന്ന ധനുമാസ ചന്ദ്രിക പോലെ.

അകത്തും പുറത്തും ആലക്തിക വെളിച്ചങ്ങളും വാതാനുകൂലതയുടെ അനാവശ്യ പൊങ്ങച്ചങ്ങളുമില്ലാതെ, ഇരുളും വെളിച്ചവും കലർന്ന ഒരിടം.

പിശുക്കാണോ? ഏയ്...! ഇതുതന്നെ ധാരാളം എന്ന മട്ട്.

ചിരിയുടെ വലിയ തമ്പുരാൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയുമൊത്ത് നേത്രനാരായണൻ ജയിൽ സന്ദർശിക്കാൻ പോയ കഥ ഓർമ്മ വന്നു. പുള്ളികളോടു മെത്രാപ്പോലീത്ത ഉപദേശിച്ചതിങ്ങനെ:

പ്രിയ സഹോദരന്മാരേ, കക്കാൻ പഠിച്ചാൽ നിൽക്കാനും പഠിക്കണം. നിങ്ങൾക്കു കക്കാൻ മാത്രമേ അറിയൂ. നിൽക്കാൻ അറിയില്ല. എന്നാൽ, എനിക്കും ബാബു പോളിനുമൊക്കെ കക്കാനുമറിയാം, പിടിച്ചു നിൽക്കാനുമറിയാം. അതുകൊണ്ടാണ് നിങ്ങൾ അകത്തും ഞങ്ങൾ പുറത്തും നിൽക്കുന്നത്. വേദിയിലും സദസിലും ചിരിയുടെ മാലപ്പടക്കം പൊട്ടി.

സമ്മേളനം കഴിഞ്ഞു വേദി വിട്ടപ്പോൾ തിരുമേനിയെ കൈയോടെ പിടികൂടി ബാബുപോൾ കൽപിച്ചു.

“തിരുമേനി വല്ല കള്ളത്തരവും ഒപ്പിച്ചിട്ടുണ്ടെങ്കിൽ, അതിനു മറയിടാൻ എന്നെ കൂട്ടുപിടിക്കേണ്ട.”
ഉടൻ തിരുമേനി തിരിച്ചടിച്ചു.

“അല്ല ബാബുപോളേ, എല്ലാ കാര്യങ്ങളിലും താൻ എന്റെ കൂടെ നിൽക്കുമെന്ന പ്രതീക്ഷയിൽ പറഞ്ഞുപോയതാ...!”

- മാലപ്പടക്കമല്ല, കാതടപ്പിക്കുന്ന കതിനകളാണു പിന്നീടു പൊട്ടിയത്.